പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4371 17.05.2017- ൽ മറുപടിയ്ക്ക്**

## മൃതസഞ്ജീവനി പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പി.ഉബൈദുള്ള :** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)** |
| (എ) അവയവദാന സംവിധാനമായ മൃതസഞ്ജീവനി പദ്ധതി വിശദീകരിക്കാമോ; | (എ) മസ്തിഷ്ക മരണാനന്തര അവയവദാന പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി 2012 ൽ കേരളാ സർക്കാർ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ മൃതസഞ്ജീവനി (കേരളാ നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിങ്) എന്ന പദ്ധതിയ്ക്ക് രൂപം നൽകി. കേരളത്തിലെ എല്ലാ മരണാനന്തര അവയവദാനവും നടക്കുന്നത് മൃതസഞ്ജീവനി വഴിയാണ്. പ്രസ്തുത പദ്ധതിയുടെ ഭരണ നിർവഹണം സുഗമമാക്കുവാൻ സംസ്ഥാനത്തെ മൂന്നു സോണുകളായി (South, Central, North) തരം തിരിച്ചിട്ടുണ്ട്.<br><br>മസ്തിഷ്ക മരണം സംഭവിച്ചയാളുടെ പേര്, വയസ്, രക്ത ഗ്രൂപ്പ്, കാര്യക്ഷമതാ പരിശോധന, അവയവം ഉപയോഗ യോഗ്യമാണോ എന്ന പരിശോധനാഫലം എന്നിവ ശേഖരിക്കുന്നു. അതാത് സോണിലെ മുൻഗണനാ ക്രമത്തിലും അവയവങ്ങൾ ചേരാൻ സാധ്യതയുള്ള രജിസ്ട്രേഷൻ ചെയ്ത രോഗികളുടെ സാമ്പിളുകൾ മസ്തിഷ്കമരണം സംഭവിച്ച വ്യക്തിയുമായി ചേർച്ച പരിശോധിച്ച് അയതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് അവയവം ദാനം ചെയ്യുന്നത്. ഓരോ അവയവദാനം കഴിയുമ്പോഴും മുൻഗണനാക്രമം പാലിച്ചെന്ന് സാക്ഷ്യപ്പെടുത്തിയ അതിന്റെ പൂർണ്ണ റിപ്പോർട്ട് ആരോഗ്യവകുപ്പ് സെക്രട്ടറി, നാഷണൽ ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ ഡയറക്ടർ എന്നിവരെ രേഖാമൂലം അറിയിക്കാറുണ്ട്. |

(ബി) പദ്ധതിയിലേക്ക് ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് അവയവങ്ങൾ ദാനം നൽകി; വിശദാംശം നൽകുമോ;

(ബി) മൃതസഞ്ജീവനി പദ്ധതിയിൽ 3249 ആളുകൾ അവയവം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 702 ആളുകൾക്ക് ഈ പദ്ധതിയിലൂടെ അവയവങ്ങൾ മാറ്റിവെച്ചിട്ടുണ്ട്. മാറ്റിവച്ചിട്ടുള്ള അവയവങ്ങൾ സംബന്ധിച്ച വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | 2012 | 2013 | 2014 | 2015 | 2016 | 2017 | ആകെ |
|---|---|---|---|---|---|---|---|
| ദാതാക്കൾ | 09 | 36 | 58 | 76 | 72 | 06 | 257 |
| അവയവങ്ങൾ | 22 | 88 | 156 | 218 | 199 | 19 | 702 |

(സി) അവയവങ്ങൾക്കായി അപേക്ഷിച്ച് വർഷങ്ങൾ കാത്തിരുന്ന് മരണത്തിന് കീഴടങ്ങിയവരുണ്ടോ; എങ്കിൽ അവരുടെ കണക്കുകൾ വെളിപ്പെടുത്തുമോ?

(സി) ഉണ്ട്. 605 പേർ മരണപ്പെടുകയുണ്ടായി

സെക്ഷൻ ഓഫീസർ